# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.932** **05.02.2020 ലെ മറുപടി**

## നട്ടിക്കടവിൽ റഗുലേറ്റർ കം ബ്രിഡ്ജ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ് :** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ നട്ടിക്കടവിൽ പെരുമ്പപ്പുഴക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പുതിയ ഡിസൈൻ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ)യും (ബി)യും<br>കല്ല്യാശ്ശേരി മണ്ഡലത്തിലെ പെരുമ്പ പുഴയ്ക്ക് കുറുകെ നട്ടിക്കടവിൽ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പര്യവേഷണ പ്രവൃത്തി പൂർത്തീകരിക്കുകയും ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരികയുമായിരുന്നു. എന്നാൽ 2018-19 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെ തുടർന്ന് ഈ മേഖലയിലും വലതുകരയിൽ ഉൾപ്പെടുന്ന പയ്യന്നൂർ മുനിസിപ്പാലിറ്റി മേഖലകളിലും ജലനിരപ്പ് ഉയരുകയും വെള്ളപ്പൊക്കം അനുഭവപ്പെടുകയും ചെയ്തിരുന്നു. പ്രസ്തുത ആർ.സി.ബിയ്ക്കായിട്ടുള്ള നിർദ്ദിഷ്ട സ്ഥലത്ത് പുഴയുടെ ഇരുവശങ്ങളിലുമുള്ള തറനിരപ്പ് ആർ.സി.ബി നിർമ്മാണത്തിന് താരതമ്യേന അപര്യാപ്തമാണെന്നതിനാലും ഈ മേഖല ഉൾനാടൻ ജലഗതാഗത പാതയുടെ ഫീഡർ റൂട്ടായതിനാൽ നാവിഗേഷൻ ലോക്കിന് അനുയോജ്യമായ രീതിയിൽ സമീപ റോഡിന് സ്ഥലം ലഭ്യമല്ലാത്തതിനാലും ടി പദ്ധതിയുടെ ഉപയുക്തതക്കുറവ് പരിഗണിച്ച് പ്രസ്തുത പദ്ധതി നിലവിൽ പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ച ഭാഗത്തു നിന്ന് ഉദ്ദേശം 2 കി.മീ താഴെയായി പുറച്ചേരി വട്ടമേഖലയിൽ നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. നിലവിലുള്ള മാനദണ്ഡ പ്രകാരം സാൾട്ട് വാട്ടർ എക്സ്ക്ലൂഷൻ ക്രോസ്സ് ബാർ നിർമ്മിക്കുന്നതിനുള്ള പര്യവേക്ഷണ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) പ്രസ്തുത പ്രവൃത്തിക്ക് വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**